**No.CEE/2242/2017/NPMDC-2017/TA1**

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# കേരളത്തിലെ ബി.എസ്.സി.നഴ്സിംഗ്, പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം – 2017

## അപേക്ഷകൾ ക്ഷണിച്ചു

1. സംസ്ഥാനത്തെ സർക്കാർ കോളേജുകളിലെയും സ്വകാര്യ സ്വാശ്രയ കോളേജുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അലോട്ട്മെന്റിനായി ലഭ്യമായ സീറ്റുകളിലെയും താഴെ കൊടുത്തിരിക്കുന്ന ബി.എസ്.സി നഴ്സിംഗ്, വിവിധ പരാമെഡിക്കൽ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്ക് 2017-18 അദ്ധ്യയന വർഷത്തെ പ്രവേശനത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.
   - ബി.എസ്.സി നഴ്സിംഗ്
   - ബി.എസ്.സി. മെഡിക്കൽ ലബോറട്ടറി ടെക്നോളജി (എം.എൽ.ററി)
   - ബി.എസ്.സി. പെർഫ്യൂഷൻ ടെക്നോളജി
   - ബി.എസ്.സി (ഒപ്റ്റോമെട്രി)
   - ബാച്ച്ലർ ഓഫ് ഫിസിയോതെറാപ്പി (ബി.പി.ററി)
   - ബാച്ച്ലർ ഓഫ് ഓഡിയോളജി ആന്റ് സ്പീച്ച് ലാംഗ്വേജ് പാത്തോളജി (ബി.എ.എസ്.എൽ.പി)
   - ബാച്ച്ലർ ഓഫ് കാർഡിയോ വാസ്കുലാർ ടെക്നോളജി (ബി.സി.വി.ററി)
   - ബി.എസ്.സി. മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി (എം.ആർ.ററി)
   - ബി.എസ്.സി. മെഡിക്കൽ ബയോകെമിസ്ട്രി
   - ബി.എസ്.സി. മെഡിക്കൽ മൈക്രോബയോളജി

2. **പ്രവേശനത്തിനു വേണ്ട യോഗ്യതകൾ :**

I. **നേറ്റിവിറ്റി** : അപേക്ഷകൻ ഇൻഡ്യൻ പൗരനായിരിക്കണം. Persons of Indian Origin (PIO)/ Overseas Citizen of India (OCI) കാർഡ് ഹോൾഡർമാരെയും പ്രവേശനത്തിനു മാത്രമായി ഇൻഡ്യൻ പൗരന് തുല്യനായി പരിഗണിക്കുന്നതാണ്. എന്നാൽ PIO/OCI അപേക്ഷകർക്ക് സംവരണാനുകൂല്യങ്ങൾ ലഭ്യമല്ല.

പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിന് അപേക്ഷിക്കുന്നവരെ, **കേരളീയൻ (Keralite)**, **കേരളീയേതരൻ I-ാം വിഭാഗം (NK I)**, **കേരളീയേതരൻ II-ാം വിഭാഗം (NK II)** എന്നിങ്ങനെ തരം തിരിക്കുന്നതാണ്. (പ്രോസ്പെക്ടസ് ക്ലോസ് 6.1 കാണുക)

(എ) **കേരളീയൻ**: അപേക്ഷകനോ, മാതാപിതാക്കളിൽ ആരെങ്കിലുമോ കേരളത്തിൽ ജനിച്ചതാണെങ്കിൽ അപേക്ഷകനെ കേരളീയനായി കണക്കാക്കും. അതിനായി നിശ്ചിത സർട്ടിഫിക്കറ്റ് ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടിനോടൊപ്പം ഹാജരാക്കേണ്ടതാണ്.
കേരളീയരല്ലാത്ത കേരള കേഡറിൽ ജോലി ചെയ്യുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ (AIS) കുട്ടികളെയും കേരളീയരായി പരിഗണിക്കുന്നതാണ്. അത്തരം വിദ്യാർത്ഥികൾ രക്ഷിതാവ് കേരള കേഡറിൽ ജോലി ചെയ്യുന്ന AIS ഉദ്യോഗസ്ഥനാണെന്ന് സാക്ഷ്യപ്പെടുത്തുന്ന സർക്കാർ/ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. സാമുദായിക/പ്രത്യേക/ശാരീരിക അവശത വിഭാഗ സംവരണത്തിന് ഇവർക്ക് അർഹതയില്ല.

(ബി) **കേരളീയേതരൻ I-ാം വിഭാഗം**: കേരളീയരല്ലാത്ത അപേക്ഷകർ താഴെപ്പറയുന്ന വ്യവസ്ഥകളിൽ ഏതെങ്കിലും ഒന്ന് പാലിക്കുന്നുണ്ടെങ്കിൽ അത്തരം വിദ്യാർത്ഥികളെ കേരളീയേതരൻ 1- ാം വിഭാഗം ആയി കണക്കാക്കുന്നതാണ്.

(i) കേരളത്തിൽ ജോലിക്കു നിയോഗിക്കപ്പെട്ട ഇന്ത്യാ ഗവണ്മെന്റ് ജീവനക്കാരുടെയും പ്രതിരോധ വകുപ്പ് ജീവനക്കാരുടെയും മക്കൾ, അവർ യോഗ്യതാ പരീക്ഷ കേരളത്തിൽ പഠിച്ചവരായിരിക്കണം.

(ii) കേരളത്തിലോ അല്ലെങ്കിൽ കേരള സംസ്ഥാനത്തിനു വേണ്ടിയോ കുറഞ്ഞത് രണ്ടു വർഷമെങ്കിലും സേവനമനുഷ്ഠിച്ചിരിക്കണമെന്ന വ്യവസ്ഥയ്ക്കു വിധേയമായി കേരള സർക്കാരിനു കീഴിൽ ജോലി നോക്കുന്നവരുടെ മക്കൾ, അവർ യോഗ്യതാ പരീക്ഷ കേരളത്തിൽ പഠിച്ചവരായിരിക്കണം.

(iii) പന്ത്രണ്ട് വർഷത്തെ പഠനകാലയളവിൽ അഞ്ച് വർഷക്കാലം കേരളത്തിൽ താമസിച്ചിട്ടുള്ള അപേക്ഷകർ

(iv) കേരളത്തിലെ സ്കൂളുകളിൽ VIII മുതൽ XII വരെ ക്ലാസ്സുകളിൽ പഠിച്ചിട്ടുള്ള അപേക്ഷകർ

കേരളീയേതരൻ I-ാം വിഭാഗം അപേക്ഷാർത്ഥികളെ 'സ്റ്റേറ്റ് മെരിറ്റ്' സീറ്റുകളിലേയ്ക്ക് മാത്രമേ പരിഗണിക്കുകയുള്ളൂ. സാമുദായിക/പ്രത്യേക/ശാരീരിക അവശത വിഭാഗ സംവരണത്തിനോ, ഫീസിള വുകൾക്കോ ഇവർക്ക് അർഹതയില്ല.

(സി) **കേരളീയേതരൻ II-ാം വിഭാഗം:** കേരളീയൻ, കേരളീയേതരൻ I-ാം വിഭാഗം എന്നീ വിഭാഗങ്ങളിൽപെടാത്ത അപേക്ഷാർത്ഥികളെ കേരളീയേതരൻ II-ാം വിഭാഗം ആയി തരംതിരിക്കും. കേരളീയേതരൻ II-ാം വിഭാഗത്തിൽപ്പെട്ട അപേക്ഷകർ സ്വകാര്യ സ്വാശ്രയ കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ട സീറ്റുകളിലേയ്ക്ക് മാത്രമാണ് അർഹരായിട്ടുള്ളത്. അവർ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷ സമർപ്പിക്കേണ്ടതില്ല.

**II. വിദ്യാഭ്യാസ യോഗ്യത :**

അപേക്ഷകൻ കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ കേരളാ ആരോഗ്യ സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചിട്ടുള്ള മറേറതെങ്കിലും പരീക്ഷയോ പാസ്സായിരിക്കണം. അതോടൊപ്പം,

(i) **ബി.എസ്.സി നഴ്സിംഗ്, ബി.എസ്.സി (എം.എൽ.ററി), ബി.എസ്.സി (ഒപ്റേറാമെട്രി)** എന്നീ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ഇംഗ്ലീഷ് എന്നിവയ്ക്കു മൊത്തത്തിൽ 50 ശതമാനം മാർക്ക് നേടിയിരിക്കണം.

(ii) **ബി.എസ്.സി പെർഫ്യൂഷൻ ടെക്നോളജി, ബി.സി.വി.ററി, ബി.പി.ററി** എന്നീ കോഴ്സുകളിലേയ്ക്കു ള്ള പ്രവേശനത്തിന് ബയോളജിയ്ക്ക് മാത്രം 50% മാർക്കും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്ക് മൊത്തത്തിൽ 50 ശതമാനം മാർക്കും നേടിയിരിക്കണം.

**കുറിപ്പ്:-** ബി.പി.റ്റി കോഴ്സിന് അപേക്ഷിക്കുന്നവർ ഹയർ സെക്കന്ററി തലത്തിൽ ഇംഗ്ലീഷ് ഒരു വിഷയമായി പഠിച്ചിരിക്കേണ്ടതാണ്.

(iii) **ബി.എ.എസ്.എൽ.പി** കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിന് ഫിസിക്സ്, കെമിസ്ട്രി, ബയോളജി/ മാത്തമാററിക്സ്/കമ്പ്യൂട്ടർ സയൻസ്/ സ്റ്റാററിസ്റ്റിക്സ്/ ഇലക്ട്രോണിക്സ് /സൈക്കോളജി എന്നിവയ്ക്കു മൊത്തത്തിൽ 50% മാർക്ക് നേടിയിരിക്കണം.

(iv) **ബി.എസ്.സി എം.ആർ.റ്റി, ബി.എസ്.സി മെഡിക്കൽ മൈക്രോബയോളജി, ബി.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി** എന്നീ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്കു മൊത്തത്തിൽ 50% മാർക്ക് നേടിയിരിക്കണം.

**III. യോഗ്യതാ പരീക്ഷയിലെ മാർക്കിൽ ഇളവ് :** സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽപെട്ട (02.05.1966 ലെ G.O.(P)208/66/Edn., 06.10.2008 ലെ G.O.(MS) No.95/08/SCSTDD എന്നീ ഉത്തരവുകൾ, അതിന്റെ ഭേദഗതികൾ, എന്നിവ പ്രകാരം), അപേക്ഷകർക്ക് എല്ലാ കോഴ്സുകളിലേയ്ക്കും 5% മാർക്ക് ഇളവ് അനുവദിക്കുന്നതാണ്. അതായത്, ബയോളജിക്ക്/ മാത്തമാറ്റിക്സിന് 45 ശതമാനവും ഐച്ഛിക വിഷയങ്ങൾക്ക് മൊത്തത്തിൽ 45 ശതമാനവും. പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ യോഗ്യതാ പരീക്ഷ ജയിച്ചാൽ മാത്രം മതിയാകും. OEC അപേക്ഷകർക്ക് പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽ ഒഴിവുള്ള സീറ്റുകൾ നൽകിയാലും യോഗ്യതാ പരീക്ഷയിൽ SEBC അപേക്ഷകർക്ക് അനുവദിക്കുന്ന സൗജന്യം മാത്രമേ ലഭ്യമാകുകയുള്ളൂ.

**IV. വയസ്സ് :** അപേക്ഷാർത്ഥികൾ 2017 ഡിസംബർ 31–ന് 17 വയസ്സ് പൂർത്തീകരിച്ചിരിക്കണം. കുറഞ്ഞ പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതല്ല. സർവ്വീസ് ക്വാട്ടയിലേയ്ക്കുള്ള അപേക്ഷാർത്ഥികൾക്ക് ബി.എസ്.സി. നഴ്സിംഗ്, ബി.എസ്.സി എം.എൽ.റ്റി, ബി.എസ്.സി ഒപ്റ്റോമെട്രി എന്നീ കോഴ്സുകളി ലേയ്ക്ക് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 31/12/2017 ന് 46 വയസ്സ് ആയിരിക്കും.

**3. ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട വിധം :**

(എ) ബി.എസ്.സി.നഴ്സിംഗ്, ബി.എസ്.സി. (എം.എൽ.ടി), ബി.എസ്.സി.പെർഫ്യൂഷൻ ടെക്നോളജി, ബി.എസ്.സി. ഒപ്ടോമെട്രി, ബി.പി.ടി., ബി.സി.വി.റ്റി, ബി.എ.എസ്.എൽ.പി, ബി.എസ്.സി. എം.ആർ.റ്റി, ബി.എസ്.സി മെഡിക്കൽ മൈക്രോബയോളജി, ബി.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി എന്നീ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെയുള്ള അപേക്ഷകർ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ **08.07.2017** മുതൽ **16.07.2017 വൈകുന്നേരം 5 മണിയ്ക്കകം** ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. മേൽപ്പറഞ്ഞതിൽ ഏതെങ്കിലും ഒന്നിനോ എല്ലാ കോഴ്സുകൾക്കുമോ അപേക്ഷിക്കുന്നതിനു ഒരു അപേക്ഷ മാത്രം സമർപ്പിച്ചാൽ മതിയാകും. ഓൺലൈൻ അപേക്ഷാ സമർപ്പണവേളയിൽ അപേക്ഷകർ അവരുടെ യേഗ്യതാ പരീക്ഷയിൽ നിശ്ചിത വിഷയങ്ങൾക്ക് ലഭിച്ച മാർക്കു വിവരങ്ങൾ വെബ്സൈറ്റിലൂടെ സമർപ്പിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| (ബി) **അപേക്ഷാ ഫീസ് :** | **ജനറൽ വിഭാഗം** | - | 600/- **രൂപ** |
| | **പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം** | - | 300/- **രൂപ** |
| | **സർവ്വീസ് വിഭാഗം** | - | 600/- **രൂപ** |

(സി) **ഫീസ് അടയ്ക്കേണ്ട വിധം:** താഴെ പറയുന്ന രണ്ട് മാർഗ്ഗങ്ങളിലേതെങ്കിലും ഒന്ന് ഉപയോഗിച്ച് അപേക്ഷാ ഫീസ് അടയ്ക്കാവുന്നതാണ്.

(i) ഓൺലൈൻ പേയ്മെന്റ്: (വെബ്സൈറ്റിലെ നിർദേശങ്ങൾ കാണുക)

(ii) ഇ– ചലാൻ: ഓൺലൈൻ അപേക്ഷാ സമർപ്പണ വേളയിൽ ലഭ്യമാകുന്ന ഇ– ചലാൻ പ്രിന്റൗട്ട് ഉപയോഗിച്ച് കേരളത്തിലെ എല്ലാ ഹെഡ്/സബ് പോസ്റ്റോഫീസുകളിലും പണമായി അപേക്ഷാ ഫീസ് ഒടുക്കാവുന്നതാണ്. അപേക്ഷാ ഫീസ് ഒടുക്കിയതിനു ശേഷം ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എടുക്കേണ്ടതാണ്.

കുറിപ്പ്:– ഒടുക്കിയ അപേക്ഷാ ഫീസ് തിരികെ ലഭിക്കുന്നതല്ല.

**(ഡി)ജനറൽ ക്വാട്ടയിൽ കൂടി അപേക്ഷിക്കുന്ന സർവ്വീസ് വിഭാഗക്കാർ:**

സർവ്വീസ് ക്വാട്ടയിലെ അപേക്ഷാർത്ഥികൾ ജനറൽ ക്വാട്ടയിൽ കൂടി അപേക്ഷിക്കുന്നതിന് അധിക തുകയായി 600 രൂപ അപേക്ഷാ ഫീസിനത്തിൽ മേൽപ്പറഞ്ഞിരിക്കുന്ന ഏതെങ്കിലും വിധത്തിൽ ഒടുക്കേണ്ടതാണ്.

4. **ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും ലഭിക്കേണ്ട അവസാന തീയതിയും സമയവും:** സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെയുള്ള എല്ലാ അപേക്ഷകരും ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും പ്രോസ്പെക്ടസ് ക്ലോസ് 7.7–ൽ പറഞ്ഞിരിക്കുന്ന പ്രകാരം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട അനുബന്ധ രേഖകളും **18.07.2017 (ചൊവ്വാഴ്ച) വൈകുന്നേരം 5 മണിക്കു മുൻപായി <u>പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, അഞ്ചാം നില, ശാന്തി നഗർ, തിരുവനന്തപുരം–695001</u>** എന്ന വിലാസത്തിൽ നേരിട്ടോ സ്പീഡ് പോസ്റ്റ്/ രജിസ്റ്റേർഡ് പോസ്റ്റ് മുഖാന്തിരമോ എത്തിക്കേണ്ടതാണ്. അവധി ദിവസങ്ങളിലും അപേക്ഷ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
സർവ്വീസ് ക്വാട്ടയിൽ അപേക്ഷിക്കുന്നവർ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയയ്ക്കുന്നതിനോടൊപ്പം ഒരു പകർപ്പ് സ്വന്തം സ്ഥാപനത്തിലെ മേലധികാരികൾ വഴി **18.07.2017 (ചൊവ്വാഴ്ച) വൈകുന്നേരം 5 മണിക്കു മുൻപായി** അതത് വകുപ്പ് മേധാവിക്കു ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്.

5. **വൈകി ലഭിക്കുന്ന അപേക്ഷകൾ** : നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്നതോ, അപൂർണ്ണമായതോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല. ഇത് സംബന്ധിച്ച യാതൊരുവിധ കത്തിടപാടുകളും ഉണ്ടായിരിക്കുന്നതല്ല. തപാൽ കാലതാമസത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുകയില്ല.

6. **നേറ്റിവിറ്റി തെളിയിക്കുന്ന രേഖയും മാർക്ക് ലിസ്റ്റും** : അപേക്ഷകർ നേറ്റിവിറ്റി തെളിയിക്കുന്ന രേഖയും (പ്രോസ്പെക്ടസ് ക്ലോസ് 6.1.1 കാണുക) യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും അപേക്ഷയുടെ പ്രിന്റൗട്ടിനോടൊപ്പം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

7. **<u>സാമുദായിക സംവരണം/പ്രത്യേക സംവരണം/ശാരീരിക വൈകല്യമുള്ളവർക്കുള്ള സംവരണം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ആവശ്യമുള്ളവർ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ</u>**

   a. സാമൂഹികവും, വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന (SEBC) വിഭാഗക്കാരും, മറ്റർഹ സമുദായത്തിൽപ്പെട്ട (OEC) വിദ്യാർത്ഥികളും നിശ്ചിത മാതൃകയിലുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. നോൺ ക്രീമിലെയർ വിഭാഗത്തിൽ ഉൾപ്പെടാത്ത OEC അപേക്ഷകർ വിദ്യാഭ്യാസാനുകൂല്യങ്ങൾക്കുവേണ്ടി വില്ലേജ് ഓഫീസർ നൽകുന്ന ജാതി സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

   b. SC/ ST വിഭാഗക്കാർ ജാതി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തഹസിൽദാരിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

   c. പ്രോസ്പെക്ടസ് അനുബന്ധം **III(d)**–ൽ ഉൾപ്പെടുത്തിയിട്ടുള്ള സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നതിന് ജാതി സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റും ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇവരിൽ സംവരണാനുകൂല്യങ്ങൾക്കായി നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുള്ളവർ ഫീസാനുകൂല്യങ്ങൾക്കായി വരുമാന സർട്ടിഫിക്കറ്റ് സമർപ്പിച്ചാൽ മതിയാകും

   d. മിശ്ര വിവാഹിതരുടെ മക്കൾക്ക് SEBC / OEC സംവരണം ആവശ്യമുള്ള പക്ഷം അവർ വില്ലേജ് ഓഫീസിൽ നിന്നും നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് വാങ്ങി അപേക്ഷയോടൊപ്പം സമർപ്പിക്കണം. എന്നാൽ മിശ്രവിവാഹിതരിൽ ഒരാൾ SC/ ST വിഭാഗത്തിൽപ്പെട്ടയാളാണെങ്കിൽ അവരുടെ മക്കൾക്ക് SC/ ST വിഭാഗങ്ങൾക്കു ലഭ്യമാകുന്ന ഫീസാനുകൂല്യങ്ങൾ ലഭിക്കുന്നതിന് തഹസിൽദാർ നൽകുന്ന മിശ്രവിവാഹ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

e. ക്ലോസ് 5.2.1 മുതൽ 5.2.7 വരെയുള്ള പ്രത്യേക സംവരണത്തിന് അർഹരായിട്ടുള്ളവർ ആവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. (പ്രോസ്പെക്ടസ് ക്ലോസ് 5.2 കാണുക)

f. ശാരീരിക വൈകല്യമുള്ളവർക്കുള്ള സംവരണം ആവശ്യമുള്ളവർ ജില്ലാ മെഡിക്കൽ ബോർഡ് നൽകിയ ശാരീരിക വൈകല്യത്തിന്റെ തോത് സൂചിപ്പിക്കുന്ന സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. (പ്രോസ്പെക്ടസ് ക്ലോസ് 5.3 കാണുക)

g. കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഫീസ് ആനുകൂല്യങ്ങൾ/ സ്കോളർഷിപ്പ് എന്നിവ ലഭ്യമാകുന്ന പക്ഷം അവ ലഭിക്കുന്നതിനായി അപേക്ഷകർ വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**<u>കുറിപ്പ്:-</u> KEAM 2017-ലൂടെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/ അനുബന്ധ കോഴ്സുകൾ എന്നിവയിൽ ഏതെങ്കിലും കോഴ്സിലേയ്ക്ക് പ്രവേശനത്തിനായി ഇതിനോടകം അപേക്ഷിക്കുകയും, നേറ്റിവിറ്റി തെളിയിക്കുന്നതിനോ, സാമുദായിക/പ്രത്യേക/ ശാരീരിക അവശത വിഭാഗ സംവരണത്തിനോ മറ്റാനുകൂല്യങ്ങൾക്കായോ അനുബന്ധ രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുള്ള അപേക്ഷകർ നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾക്കുള്ള ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ അവരുടെ വെബ്പേജിൽ KEAM 2017 അപേക്ഷ സംബന്ധിച്ച വിവരങ്ങൾ ദൃശ്യമാകുന്നതാണ്. അത്തരം അപേക്ഷകർ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടിനോടൊപ്പം നേറ്റിവിറ്റി തെളിയിക്കുന്ന തിനോ, സംവരണത്തിനും മറ്റ് ആനുകൂല്യങ്ങൾക്കുമായോ അനുബന്ധ രേഖകൾ വീണ്ടും അയയ്ക്കേണ്ടതില്ല. എന്നാൽ ഇത്തരം അപേക്ഷകർ അപേക്ഷയുടെ പ്രിന്റൗട്ടിനോടൊപ്പം യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് നിർബന്ധ മായും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.**

8. **ഡാറ്റാ ഷീറ്റ്:** പ്രവേശനത്തിനുള്ള യോഗ്യത നേടി വിവിധ മെരിറ്റ്/കാറ്റഗറി ലിസ്റ്റുകളിൽ ഉൾപ്പെടുന്നവർക്കുള്ള ഡാറ്റാ ഷീറ്റ് **<u>www.cee.kerala.gov.in</u>** എന്ന വെബ്സൈറ്റിൽ നിന്നും വിജ്ഞാപനം ചെയ്യുന്ന തീയതിക്കുശേഷം ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

9. ബി.എസ്.സി നഴ്സിംഗ്, വിവിധ പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റും പ്രവേശനവും സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും. 2017-ലെ സംസ്ഥാനത്തെ ബി.എസ്.സി നഴ്സിംഗ്, പാരാമെഡിക്കൽ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസ്, പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമായിരിക്കും. അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് പ്രോസ്പെക്ടസിലെ വിവിധ വ്യവസ്ഥകൾ അപേക്ഷകർ മനസ്സിലാക്കേണ്ടതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ : 0471- 2339101, 2339102, 2339103, 2339104

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
07.07.2017